**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1256** **07-12-2022 - ൽ മറുപടിയ്ക്ക്**

**പാൽ വില വർദ്ധനയും സബ്സിഡിയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ പാൽ വില വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ; എങ്കിൽ എത്ര ശതമാനം വില വർധിപ്പിക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | പാൽ ഉത്പാദന ചിലവിനെക്കുറിച്ച് പഠിയ്ക്കുന്നതിന് കാർഷിക വെറ്ററിനറി സർവ്വകലാശാലകളിലെ വിദഗ്ധരെ ഉൾപ്പെടുത്തി രൂപീകരിച്ച വിദഗ്ദ കമ്മിറ്റിയുടെ ശുപാർശ പ്രകാരം കർഷകന് ലിറ്ററിന് 8.57 രൂപ നഷ്ടമുള്ളതായി കണക്കാക്കിയതിനെത്തുടർന്ന് വാലിന്റെ വില്പനവില ലിറ്ററിന് 6 രൂപ നിരക്കിൽ 2022 ഡിസംബർ ഒന്നാം തീയതി മുതൽ പ്രാബല്യത്തിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. പാൽ വില ലിറ്ററിന് 6 രൂപ വർദ്ധിപ്പിച്ചപ്പോൾ വർദ്ധനവിന്റെ 83.75 ശതമാനം അതായത് 5.025 രൂപ കർഷകർക്ക് ലഭിക്കും. 3.0/8.5 ഗുണനിലവാരമുള്ള പാൽ സംഘത്തിൽ കർഷകർ നൽകുമ്പോൾ 5.025 രൂപ കർഷകന് അധികമായി ലഭിക്കും. ഗുണനിലവാരത്തിനനുസരിച്ച് അധികവില ലഭിക്കുന്ന രീതിയിലുള്ള ചാർട്ടാണ് മൊത്ത ഖരപദാർത്ഥങ്ങളുടെ അളവിനനുസരിച്ച് മിൽമ തയ്യാറാക്കിയിരിക്കുന്നത്. |
| (ബി) | ക്ഷീര കർഷകർക്ക് സബ്സിഡി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ; എങ്കിൽ എത്ര ശതമാനം വർദ്ധിപ്പിക്കാനാണ് തീരുമാനിച്ചതെന്ന് അറിയിക്കുമോ? | (ബി) | ക്ഷീരവികസന വകുപ്പിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്ക് വ്യക്തിഗത ഗുണഭോക്താക്കൾക്ക് 33% മുതൽ 50% വരെ സബ്സിഡി നൽകി വരുന്നു. ഈ നിരക്ക് വർദ്ധിപ്പിക്കുന്നത് നിലവിൽ പരിഗണനയിലില്ല.<br><br>മിൽമയുടെ മേഖലാ യൂണിയനുകൾ അവരുടെ പ്രവർത്തന ലാഭത്തിൽ നിന്നും ക്ഷീര കർഷകരുടെ ഉത്പ്പാദനോപാധികൾക്ക് വേണ്ടി ധനസഹായങ്ങളും സബ്സിഡികളും കലാകാലങ്ങളായി നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ